II ഇ.ബി. XII കേരള നിയമസഭ/XV-15

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**2010 ജൂലൈ 19, തിങ്കൾ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

48 (*421) **വൈദ്യുതി നിയന്ത്രണം**

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഈ വർഷം പ്രതീക്ഷിക്കുന്ന മഴ ലഭിക്കുകയും അർഹമായ കേന്ദ്ര വിഹിതം പൂർണ്ണ തോതിൽ ലഭിക്കുകയും ചെയ്താൽ നിലവിലുള്ള കണക്കനുസരിച്ച് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായ സാഹചര്യമില്ലെന്ന് സഭയെ അറിയിച്ചു. വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിൽ 16-7-2010 ലെ കണക്കുപ്രകാരം 1278 മില്യൺ യൂണിറ്റ് (30.86 ശതമാനം) വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമാണുള്ളത്. കഴിഞ്ഞ വർഷം ഇതേസമയം 1647 മില്യൺ യൂണിറ്റിനുള്ള വെള്ളം ലഭ്യമായിരുന്നു. 16-7-2006, 16-7-2007, 16-7-2008, 16-7-2009, 16-7-2010 എന്നീ വർഷങ്ങളിൽ യഥാക്രമം 1709 മില്യൺ യൂണിറ്റ്, 2270 മില്യൺ യൂണിറ്റ്, 820 മില്യൺ യൂണിറ്റ്, 1647 മില്യൺ യൂണിറ്റ്, 1278 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമാണുണ്ടായിരുന്നത്. കേരളത്തിന്റെ ഈ വർഷത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 48

മില്യൺ യൂണിറ്റോളമാണ്. ചില ദിവസങ്ങളിൽ 56 മില്യൺ യൂണിറ്റ് വരെ ഉപഭോഗം വന്നിട്ടുണ്ട്. ഈ വർഷം ജൂലൈ 1 മുതൽ 16 വരെയുള്ള പ്രതിദിന ശരാശരി ഉപഭോഗം 44.65 മില്യൺ യൂണിറ്റാണ്. വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്ന 2008-ൽ ഇതേ കാലയളവിൽ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 40.09 മില്യൺ യൂണിറ്റായിരുന്നു. കേരളത്തിലെ ജലവൈദ്യുതി നിലയങ്ങളിൽനിന്നും താപവൈദ്യുതി നിലയങ്ങളിൽനിന്നുമായി 2008 ജൂലൈ മാസത്തിൽ പ്രതിദിനം ശരാശരി 20.17 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 22.38 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കേണ്ടി വരുന്നുണ്ടെന്നും ഈ വർഷം ജൂലൈ ഒന്നു മുതൽ 16 വരെയുള്ള ദിവസങ്ങളിൽ കേരളത്തിലെ താപനിലയങ്ങളിൽ നിന്ന് പ്രതിദിനം ശരാശരി 2.55 മില്യൺ യൂണിറ്റ് വൈദ്യുതിയും കേന്ദ്ര താപനിലയങ്ങളിൽ നിന്നും 18.25 മില്യൺ യൂണിറ്റ് വൈദ്യുതിയും മറ്റ് സ്രോതസ്സുകളിൽ നിന്നും വാങ്ങുന്ന 4.02 മില്യൺ യൂണിറ്റ് വൈദ്യുതിയും ഉപയോഗിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ജലവൈദ്യുതി പദ്ധതികളുടെ മുഴുവൻ ഉല്പാദനശേഷിയും ഉപയോഗപ്പെടുത്തുന്നുണ്ടെന്നും മണ്ണും ചെളിയും നിറയുന്നതുമൂലം ജലസംഭരണികളുടെ ക്വാണ്ടത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ജനറേറ്ററുകളുടെ നവീകരണം നടത്തുന്നത് നോംസിന്റെ അടിസ്ഥാനത്തിലാണെന്നും ഇടുക്കി ജലവൈദ്യുതി പദ്ധതികളിലെ ജനറേറ്ററുകളുടെ നവീകരണ നടപടികളുമായി മുന്നോട്ടുപോകുമെന്നും എം.എൽ.എ/എം.പി. ഫണ്ടും കെ.എസ്.ഇ.ബി-യുടെ ഫണ്ടുംകൂടി ഉപയോഗപ്പെടുത്തി ആർ.ജി.ജി.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കിയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഇതിനാവശ്യമായ

പോസ്റ്റുകളുടെ ദൗർലഭ്യം ആഗസ്റ്റ് മാസത്തോടുകൂടി പരിഹരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ബ്രഹ്മപുരം ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്രഗവൺമെന്റുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവച്ച, സംസ്ഥാനത്തിന് 266 മെഗാവാട്ട് വൈദ്യുതി വിഹിതമുള്ള കൂടംകുളം ആണവ വൈദ്യുതി നിലയത്തിന്റെ ലൈൻ വലിക്കുന്നതിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഈ വർഷം അവസാനമാകുമ്പോഴേയ്ക്കും കേന്ദ്രവിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പാരമ്പര്യേതര ഊർജ്ജ മേഖലയ്ക്ക് പ്രാധാന്യം നൽകിയതിന്റെ ഫലമായി രാമക്കൽമേട്ടിലേയും അട്ടപ്പാടിയിലേയും കാറ്റാടി നിലയങ്ങളിൽ നിന്ന് 33 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കാറ്റാടി നിലയങ്ങളുണ്ടാക്കുന്നതിന് റവന്യൂ ഭൂമി ലീസിന് തരാമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടെന്നും സൗരോർജ്ജത്തിൽ നിന്ന് 20 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ടിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ബയോമാസ് ഉപയോഗപ്പെടുത്തി 50 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടെന്നും കോന്നിയിൽ ടിൻ കല്ലാർ പദ്ധതിയുമായി മുന്നോട്ട് പോകുന്നതാണെന്നും വ്യവസായ സ്ഥാപനങ്ങളുടെ അടഞ്ഞുകിടന്നിരുന്ന കാലത്തെ മിനിമം ഡിമാന്റ് ചാർജ്ജ് പരിപൂർണ്ണമായും വേവ് ചെയ്ത് കൊടുക്കുകയും 21 തോട്ടങ്ങൾ അടഞ്ഞുകിടന്നതിൽ കെ.എസ്.ഇ.ബി-യുടെ സഹായത്തോടുകൂടി 17 തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും വൻകിട സ്വകാര്യ ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക പിരിച്ചെടുത്തതുവഴി മുന്നൂറിൽ ചില്വാനം കോടി

രൂപയുടെ അധിക വരുമാനം ഉണ്ടാക്കിയിട്ടുണ്ടെന്നും 45 കോടി രൂപ സംസ്ഥാന ഗവൺമെന്റും 50 കോടി രൂപ കെ.എസ്.ഇ.ബി-യും ചെലവഴിച്ചാണ് സി.എഫ്. ലാമ്പ് വിതരണം നടത്തിയതെന്നും കേന്ദ്രഗ വൺമെന്റ് ഏജൻസിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് കാർബൺ ക്രെഡിറ്റ് ലഭ്യമാക്കുന്നതിന് നടപടികളെടുക്കുന്നതാണെന്നും ഒരു തരത്തിലുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകാത്ത വിധത്തിൽ ഫ്യൂസായ സി.എഫ്. ലാമ്പുകൾ കേന്ദ്രീകൃതമായി ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

49 (*422) <u>ഗ്രൂപ്പ് ഫാമിംഗിന് പ്രോത്സാഹനം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31,000 ഹെക്ട റിലധികം സ്ഥലത്ത് അധികമായി നെൽക്കൃഷി ചെയ്യുന്നതിനും 1,11,000 ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നും നെൽക്കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതി കളിലായി 158 കോടി രൂപ ഈ വർഷം മാറ്റിവച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇതുവരെ ഏറ്റെടുത്തതിൽവച്ച് ഏറ്റവും വലിയൊരു ജനകീയ പദ്ധതിയാണ് നെൽക്കൃഷി മേഖലയിൽ ഈ വർഷം നടപ്പാക്കുന്നത്. ഇവയിൽ ഏറ്റവും പ്രധാനം നെൽക്കൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്ത തരിശ് നെൽക്കൃഷിയും കരക്കൃഷിയുമാണ്. കരക്കൃഷിയുടെ ഈ വർഷത്തെ ലക്ഷ്യം 12,000 ഹെക്ടറാണ്. 31840 ഹെക്ടർ തരിശു നിലങ്ങളിലും ഒരുപൂ ഇരുപ്പൂവാക്കുകയും ഇരുപ്പൂ മുപ്പൂവാക്കുകയും ചെയ്ത തിലൂടെ 3172 ഹെക്ടർ അധിക സ്ഥലത്ത് കൃഷിയിറക്കി. കരനെൽക്കൃഷിക്ക്

ഹെക്ടറിന് 5,000 രൂപയുടെ ധനസഹായം നൽകുന്നുണ്ട്. തരിശുനില നെൽക്കൃഷിക്ക് ഹെക്ടറിന് 12,000 രൂപയുടെ സഹായം നൽകുന്നതാണ്. നിലവിലുള്ള ഉല്പാദനത്തേക്കാൾ ഹെക്ടറിന് 500 കിലോഗ്രാമെങ്കിലും അധിക ഉല്പാദനക്ഷമത കൈവരിക്കുന്ന പാടശേഖരങ്ങൾക്ക് ഹെക്ടറിന് 6,500 രൂപയുടെ സഹായവും ലഭിക്കുന്നതാണ്. ഇത് ആദ്യമായി 50,000 ഹെക്ടറിൽ നടപ്പാക്കുന്നതാണ്. ഹെക്ടർ ഒന്നിന് 1,500 രൂപ സഹായധന ത്തോടെ 166,667 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായവും നടപ്പാക്കുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ ലഭ്യമാക്കുക, പ്രദർശന ത്തോട്ടങ്ങൾ സംഘടിപ്പിക്കുക, സംയോജിത രോഗകീട നിയന്ത്രണം, പാട ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, കുമ്മായ വസ്തുക്കളുടെ വിതരണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, കർഷക പരിശീലനം, മിനി കിറ്റ് വിതരണം, തുടങ്ങി വിവിധ പദ്ധതി ഘടകങ്ങൾക്കായി 681.69 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്. നെൽക്കൃഷി മേഖലയുടെ പ്രാദേശികാടിസ്ഥാന ത്തിലുള്ള പദ്ധതികൾക്കായി വികസന ഏജൻസികൾക്ക് 150 ലക്ഷം രൂപയുടെ സഹായം നൽകുന്നുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിലെ നെല്ല് സംഭരണം, നെൽക്കർഷകർക്കുള്ള പെൻഷൻ പദ്ധതി, പലിശരഹിത വായ്പ, ഗ്രീൻകാർഡ് വിതരണം, യന്ത്രവൽക്കരണം, നെല്ലിനോടൊപ്പം മത്സ്യം വളർത്തൽ, നെൽക്കർഷകർക്ക് പശുക്കളെ നൽകൽ, റൈസ് മില്ലുകളുടെ സ്ഥാപനം, പാഡി ബോർഡ് രൂപീകരണം തുടങ്ങിയവും പ്രധാന നടപടികളാണ്. വനിതാ ഗ്രൂപ്പുകളെക്കൊണ്ട് 750 ഹെക്ടറിൽ നെൽക്കൃഷി നടത്തുന്നതിന് ഹെക്ടറിന് 10,000 രൂപ ധനസഹായം നൽകും. 50 സെന്റ് വീതമുള്ള 450 യൂണിറ്റുകളിൽ വനിതാ ഗ്രൂപ്പുകൾ വഴിയുള്ള ഞാറ്റടികൾക്ക് യൂണിറ്റിന് 5000 രൂപ സഹായം ലഭിക്കും. ഇതിന് ഹെക്ടറിന് 10,000 രൂപ

സഹായം ലഭിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു റൈസ് മിഷനും കൃഷിനാശങ്ങൾക്ക് അടിയന്തിര സഹായം നൽകാൻ ഒരു ക്രൈസിസ് മാനേജുമെന്റ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്തെ മുഴുവൻ നെൽക്കൃഷിയും സർക്കാർ ചെലവിൽ ഇൻഷ്വർ ചെയ്യുന്നതാണ്. പാടശേഖര സമിതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനുമായി സംസ്ഥാന നെൽക്കൃഷി വികസന പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നുണ്ടെന്നും പൊതു ഞാറ്റടി തയ്യാറാക്കൽ, സംയോജിത വളപ്രയോഗം, സംയോജിത രോഗകീട നിയന്ത്രണം, ജലപരിപാലനം, പാടശേഖരങ്ങളുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനം തുടങ്ങി കൃഷിച്ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സഹായകരമായ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പ്രോജക്ടുകളുടെ ഭാഗമായി പ്രമുഖ നെൽക്കൃഷി മേഖലകളിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കേന്ദ്ര നെൽക്കൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി എന്നിവകളിലൂടെ പ്രോജക്ട് അടിസ്ഥാനത്തിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി ഫണ്ട് അനുവദിച്ചുവരുന്നു. തൃശ്ശൂർ-പൊന്നാനി മേഖല ഉൾപ്പെടുന്ന സംയുക്ത പാടശേഖരം കേന്ദ്ര ഭക്ഷ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും ഈ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ജലപരിപാലനം, പാരിസ്ഥിതിക സംരക്ഷണം ഇവയെല്ലാം ഉൾപ്പെടുത്തി കാർഷിക യൂണിവേഴ്സിറ്റിയും ഗവൺമെന്റും ഗവേഷണ സ്ഥാപനങ്ങളും ചേർന്ന് തയ്യാറാക്കിയ പ്രോജക്ടിന്റെ

പ്രസന്റേഷൻ 26-07-10-ന് തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നെൽക്കൃഷി ചെയ്യുന്ന മേഖലകളിൽ നെൽക്കൃഷി ചെയ്യുമെന്ന് ഉറപ്പാക്കിക്കൊണ്ട് രണ്ടാം കൃഷിയായി ഒരു വിള പച്ചക്കറിക്കൃഷി ചെയ്യുന്നതിന് സഹായം നൽകിവരുന്നുണ്ട്. കൃഷി വകുപ്പ് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കുടുംബശ്രീ ചെയ്യുന്ന കൃഷിക്കും നൽകുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള 'ആത്മ' എന്ന സ്കീമിൽ ഉൾപ്പെടുത്തി എല്ലാ പാടശേഖര സമിതികൾക്കും പരിശീലനം നൽകിവരുന്നുണ്ടെന്നും ചിതറിക്കിടക്കുന്ന പാടങ്ങളെക്കൂടി സംയുക്ത വിള പരിപാലന സംവിധാനത്തിലേയ്ക്കും ഉല്പാദനക്ഷമതയിലേയ്ക്കും കൊണ്ടുവരുന്നതിന് ശ്രമിക്കുന്നുണ്ടെന്നും നെല്ലിൽ നിന്നും തവിടിൽ നിന്നും ബൈ പ്രോഡക്ടുകൾ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കേരളത്തിൽ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുമെന്നും കൃഷിയിടങ്ങൾ മന:പൂർവ്വമായി തരിശിടുന്നവർക്കെതിരെ നടപടിയെടുക്കുന്നതുസംബന്ധിച്ച് റവന്യൂ/നിയമ വകുപ്പുകളുമായി ആലോചിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. കർഷകർക്ക് നൽകുന്ന സബ്സിഡി തുക വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെൽക്കൃഷി മേഖലയിൽ തരിശിടാതെ മുന്നോട്ടുപോകുന്ന പഞ്ചായത്തുകളേയും ഓരോ പാടശേഖരവും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് വിജയകരമായി പൂർത്തിയാക്കുന്നവരേയും അഭിനന്ദിക്കാനും അവാർഡ് നൽകാനും തീരുമാനിച്ചിട്ടുണ്ടെന്നും പൊക്കാളി കൃഷി ചെയ്യുന്നവർക്ക് പ്രത്യേകിച്ച് ഒരു മിൽ തുടങ്ങി അവർക്കുതന്നെ കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ നെല്ല് സംഭരിച്ച്

പ്രോസസ്സ് ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിനുള്ള സംവിധാനത്തിന് 1 കോടി 89 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും കുട്ടനാട്ടിലെ റാണി-ചിത്തിര കായലിനുവേണ്ടി ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ പ്രോജക്ടിന് എ.എസും ടി.എസും നൽകിയിട്ടുണ്ടെന്നും അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി വരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

50 (*423) <u>വൈദ്യുതി നിലയങ്ങളുടെ സുരക്ഷ</u>

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വൈദ്യുതി ബോർഡിൽ ഐ.ജി. റാങ്കിലുള്ള ഒരു ചീഫ് വിജിലൻസ് ഓഫീസറും ഒരു പോലീസ് സൂപ്രണ്ടും രണ്ട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരും അടങ്ങുന്ന പോലീസ് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പോലീസ് സൂപ്രണ്ടും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരും സമയാസമയങ്ങളിൽ പ്രധാനപ്പെട്ട ഡാമുകളും വൈദ്യുതി നിലയങ്ങളും സന്ദർശിച്ച് സുരക്ഷാ നടപടികൾ വിലയിരുത്തുകയും എല്ലാ പദ്ധതി പ്രദേശങ്ങളിലും ആവശ്യത്തിന് വെളിച്ചം കിട്ടുന്ന വിധത്തിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുകയും മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തുകയും വൈദ്യുതി നിലയങ്ങളുടെ പരിസരവും മറ്റും കാടും പടർപ്പും വെട്ടിമാറ്റി വൃത്തിയായി സൂക്ഷിക്കുകയും പ്രധാന ഡാമുകളുടെ സുരക്ഷയ്ക്കായി ഡാം സെക്യൂരിറ്റി ഓഫീസർമാരെ ചുമതലപ്പെടുത്തുകയും വൈദ്യുതി നിലയങ്ങളിലേയ്ക്ക് വരുന്ന സന്ദർശകരെയും വാഹനങ്ങളെയും കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ടെന്നും ഇടുക്കി, മൂഴിയാർ പവർ ഹൗസുകളിൽ പൊതുജന

ങ്ങൾക്ക് പ്രവേശനം നൽകുന്നില്ലെന്നും മറ്റു നിലയങ്ങളിൽ നിയന്ത്രണ ങ്ങൾക്ക് വിധേയമായി മാത്രമേ സന്ദർശകരെ അനുവദിക്കുന്നുള്ളൂവെന്നും സന്ദർശകരുടെ അഡ്രസ്സും തിരിച്ചറിയൽ രേഖകളും പരിശോധിച്ച് മാത്രമാണ് പ്രവേശനം നൽകുന്നതെന്നും ഒരേ സമയം സന്ദർശനം അനുവദിക്കുന്ന വരുടെ എണ്ണം നിയന്ത്രിച്ചിട്ടുണ്ടെന്നും സന്ദർശകരെ സുരക്ഷിതത്വം ഉറപ്പുള്ള സ്ഥലങ്ങളിൽ മാത്രമേ പ്രവേശിപ്പിക്കാറുള്ളൂവെന്നും വലിയ ഡാമുകളായ ചെറുതോണി, ഇടുക്കി എന്നിവ സന്ദർശിക്കുന്നതിനുള്ള അനുമതി ചീഫ് എഞ്ചിനീയർ (ഡാം സേഫ്റ്റി) യുടെ ഓഫീസിൽ പരിശോധനകൾക്ക് വിധേ യമായാണ് നൽകുന്നതെന്നും അനുമതിയിൽ ഡാമിൽ സന്ദർശിക്കാവുന്ന സ്ഥലങ്ങൾ പ്രത്യേകമായി നിഷ്ക്കർഷിക്കാറുണ്ടെന്നും സന്ദർശകരെ ഡാമിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സുരക്ഷാ ഉദ്യോഗസ്ഥൻമാർ പരിശോധിക്കാറു ണ്ടെന്നും ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (ഡാം സേഫ്റ്റി), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മൂന്ന് ഡിവിഷൻ, ഏഴ് സബ് ഡിവി ഷൻ 123 സ്റ്റാഫ് എന്നിവ ഉൾക്കൊള്ളുന്ന ടെക്നിക്കൽ വിംഗും ഐ.ജി, എസ്.പി, 2 ഡിവൈ.എസ്.പി-മാർ, 4 ഹെഡ് കോൺസ്റ്റബിൾമാർ, 52 പോലീ സുകാർ 64 സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്ന സെക്യൂരിറ്റി വിംഗും യോജിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും ഡാം സേഫ്റ്റി മേഖലയിൽ ഡിവിഷനുക ളുടേയും സബ് ഡിവിഷനുകളുടേയും എണ്ണം യഥാക്രമം മൂന്നായും ഏഴായും വർദ്ധിപ്പിക്കുകയും 29 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടു ണ്ടെന്നും മന്ത്രി അറിയിച്ചു. വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 29 ചെറുകിട അണക്കെട്ടുകളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട സമഗ്ര പഠനത്തിനായി നിയോഗിച്ചിട്ടുള്ള എ.ഡി.ജി.പി. (ഇന്റലിജൻസ്) ചെയർമാ

നായും വൈദ്യുതി ബോർഡിലെ ചീഫ് വിജിലൻസ് ഓഫീസർ, ചീഫ് എഞ്ചിനീയർ (ഡാം സുരക്ഷ), മുഖ്യ വനപാലകൻ (സുരക്ഷിതത്വം) എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 2010 മേയിൽ വൈദ്യുതി ബോർഡ് സെക്യൂരിറ്റി അവെയർനസ് വീക്ക് സംഘടിപ്പിക്കുകയും സുരക്ഷ സംബന്ധിച്ച് ജീവനക്കാർക്കിടയിൽ നല്ല അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വൈദ്യുതി നിലയങ്ങൾക്ക് സുരക്ഷാ ഭീഷണിയുള്ളതായി കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രധാന ജലവൈദ്യുതി നിലയങ്ങളിലെ സുരക്ഷാ ക്രമീകരണം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സുരക്ഷാ ഏർപ്പാടുകളും നടത്തിയിട്ടുണ്ടെന്നും പഴയ പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് DRIP (Dam Rehabilitation and Improvement Project) എന്ന സ്കീമിൽ 87 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് വേൾഡ് ബാങ്ക് നൽകാനുദ്ദേശിക്കുന്നതെന്നും ഇടുക്കി, ശബരിഗിരി, ഇടമലയാർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേരിയമംഗലം, പെരിങ്ങൽകുത്ത്, ഷോളയാർ, കുറ്റ്യാടി, ലോവർ പെരിയാർ, കക്കാട് എന്നീ 12 പ്രോജക്ടുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതിന്റെ ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കിവരികയാണെന്നും തെരുവുവിളക്കുകൾ തെളിയിക്കുന്നതിനായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് പ്രത്യേക മീറ്റർ വയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4056 മുതൽ 4328 വരെയുള്ള ചോദ്യങ്ങളിൽ 198 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)